(സി) ഈ സ്കീമിന്റെ എസ്റ്റിമേറ്റ് സംഖ്യ എന്താണ് ; സ്കീമിന്റെ ടെക്നിക്കൽ സാംഗ്ഷൻ കൊടുത്തതെന്നാണ്;

(ഡി) സ്കീമിന്റെ നിത്തിവെച്ച പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിക്കുവാൻ സാധിക്കും ?

ഉത്തരം

(എ) ജനുവരി 1961-ൽ.

(ബി) 10 അടി കഴിച്ചപ്പോഴേക്കും പാറക്കല്ല് കാണുകയാൽ പണി തുടർന്നുകൊണ്ടുപോകാൻ മുൻ കൺട്രാക്റ്റർ സന്നദ്ധനല്ലായിരുന്നു. അതിനാൽ പണി നിത്തിവെയ്ക്കേണ്ടതായിവന്നു.

(സി) സ്കീമിന്റെ എസ്റ്റിമേറ്റ് സംഖ്യ ഇപ്പോൾ 96400 രൂപ ആക്കി മാറ്റിയിട്ടുണ്ട്. 22-11-63-ൽ ഇതിനു ടെക്നിക്കൽ സാംഗ്ഷൻ കൊടുത്തു.

(ഡി) ഈ സ്കീമിന്റെ പണികഴിക്കായി 96400 രൂപയുടെ ഒരു പുതുക്കിയ എസ്റ്റിമേറ്റ് 22-11-63-ൽ അംഗീകരിച്ചു. അതിൻപ്രകാരം പണികഴിക്കുകയിഞ്ഞിട്ടുണ്ട്.

പ്രസവകാലവേതനം

95. [2] ശ്രീ. കെ. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറ്റേർണിറ്റി ബെനിഫിറ്റ് ആക്റ്റനുസരിച്ച് 150 ദിവസം ഒരു കൊല്ലത്തിൽ ജോലി ചെയ്ത സ്ത്രീതൊഴിലാളികൾക്ക് പ്രസവ കാലവേതനം കൊടുക്കണമെന്ന ചട്ടം പാലക്കാട് ജില്ലയിലെ തിരുവഴാംകുന്ന് കന്നുകാലിഫാമത്തിലനുസരിക്കുന്നില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ ഫാമിലെ സ്ത്രീതൊഴിലാളികൾ കൊല്ലത്തിൽ 240 ദിവസം പണിയെടുത്താലേ പ്രസവകാലവേതനത്തിനർഹരാകൂ എന്ന നിബന്ധനയുണ്ടോ;

(സി) എങ്കിൽ ഈ സമ്പ്രദായം നിത്താനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ ആക്റ്റ് തിരുവഴാംകുന്ന് ഫാമത്തിലേക്ക് ബാധകമാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) പരിശോധിക്കാം.

9 a. m.] **Calling Attention Under Rule 61.**

Lack of Amenities in the Contageous Diseases Hospital, Iranimuttam, Trivandrum.

Mr. Speaker : I have received a notice under Rule 61 from Shri K. Anirudhan. I call upon the Member to make a statement.

ശ്രീ. കെ. അനിരുദ്ധൻ: സ്പീക്കർ സർ, തിരുവനന്തപുരത്ത് ഒരു ഐസൊലേഷൻ ആശുപത്രിയുണ്ട്. അതിന്റെ പേരു് കണ്ടേജിയസ് ഡിസീസ്സ് ഹാസ്പിറ്റലെന്നാണ്. ഈ ആശുപത്രിയിൽ ഏകദേശം 150—ാളം മസൂരി പിടിപെട്ട ആളുകളുണ്ടെന്നാണ് ഞാൻ മിനഞ്ഞാന്ന് നേരിട്ടമനസിലാക്കിയതു്. മസൂരിയെന്നുപറയുന്നതിൽ സ്മാംപാക്സെന്നും ചിക്കൻപാക്സെന്നും രണ്ടുതരമുണ്ട്. ഈ നിയമസഭയുടെ പുറത്തിറങ്ങിയപ്പോൾ മിന [illegible] പിടിപെട്ട രണ്ടുമൂന്നുപേരെ എനിക്ക് കാണാനിടയായി,

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ആവശ്യമനുസരിച്ച് അവിടെ എനിക്ക് പോകാതിരിക്കാൻ നിവൃത്തി ഇല്ലാതായി. അവിടെ പോയപ്പോൾ ഞാൻ കണ്ട ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. അവിടെ രോഗികൾ കിടക്കുന്നതെഡ്ഡുകളിൽ എലികൾ കയറുന്നുണ്ട് എന്നുള്ള കാര്യം ഇല്ല എന്നുകൊണ്ട് രാത്രി വെളിച്ചമില്ല. ചൂട് ആരംഭിച്ചിട്ടേയുള്ളൂ. രണ്ടുമൂന്ന് മാസം കഠിനമായ ചൂടുണ്ടായിരിക്കും. ഈ അവസരത്തിൽ അവിടെ കുടിക്കാനും കുളിക്കാനും വെള്ളമില്ല. അവർക്ക് അത്യാവശ്യമായ ആഹാര സാധനങ്ങൾ നൽകുന്നില്ല. ദിവസം ഒന്നരനാഴി അരിയുടെ കഞ്ഞി കൊടുക്കുന്നു എന്നാണ് പറയുന്നത്. അതുപോലും ലഭിക്കുന്നില്ലെന്നാണ് അവരുടെ അഭിപ്രായം. മിൽക്ക് ഡയറ്റ് കൊടുക്കുന്നില്ലെന്നും റൊട്ടി കൊടുക്കുന്നില്ലെന്നും അത്യാവശ്യമായ മറ്റു മരുന്നുകൾ കൊടുക്കുന്നില്ലെന്നും അറിയുകയുണ്ടായി. ബന്ധപ്പെട്ട അധികാരികളോട് ചോദിച്ചപ്പോൾ അതിനുള്ള ഫണ്ട് അനുവദിച്ചിട്ടില്ലെന്നാണ് പറഞ്ഞത്. പണ്ട് ഈ ആശുപത്രി തിരുവനന്തപുരം കാർപ്പറേഷനാണ് മാനേജ് ചെയ്തുകൊണ്ടിരുന്നത്. ഇന്ന് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ്. ആ ഡിപ്പാർട്ട്മെന്റ് ഈ ആശുപത്രിയെപ്പറ്റി ശ്രദ്ധിക്കുന്നില്ലെന്നു പറയുന്നില്ലെങ്കിലും കാര്യമായി ശ്രദ്ധിച്ചിട്ടില്ലെന്നുള്ളതാണ് സത്യം. കാരണം, അവിടെ പോകാൻ തന്നെ പലർക്കും ഭയമാണ്. ഇത്തരം സാംക്രമികരോഗികളോട് ഇടപെടുകയാൻ പ്രയാസമായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോ, പബ്ലിക് ഹെൽത്ത് ഉദ്യോഗസ്ഥന്മാരോ അവിടെ പോകാൻ അറയ്ക്കും. ഈ കാരണം കൊണ്ട് ആഹാരത്തിനു ടെൻഡർ പിടിക്കാൻപോലും ആളുണ്ടാകുന്നില്ല. ഇപ്പോഴും അവിടെ ആഹാരസാധനങ്ങൾ സപ്ലൈചെയ്യാൻ ആരുംടെൻഡർകൊടുത്തിട്ടില്ലെന്നാണ് കാണുന്നത്. സാധാരണയായി അവിടെ ആറോ ഏഴോ സുഖക്കേടുകാർ മാത്രമേ കാണുകയുള്ളൂ എങ്കിലും ഇപ്പോൾ 150 പേരോളം ഉണ്ട്. ഇനി വരാൻ പോകുന്ന മൂന്നാലുമാസങ്ങളിൽ തിരുവനന്തപുരം പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലുംവന്ന താമസിക്കുന്നആളുകളുടെയും പത്തു നാനൂറു രോഗികൾ അവിടെ വന്നേക്കും. പബ്ലിക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും സിനിമാപ്രദർശനം നടത്തുമ്പോൾ, ചിക്കൻപോക്സോ, സ്മാൾ പോക്സോ പിടിപെട്ട രോഗികൾ ഉപയോഗിക്കുന്ന കിടക്കയും പായും മറ്റും കഴിവെട്ടി അതിനകത്തിട്ട് മണ്ണെണ്ണ ഒഴിച്ച് കത്തിക്കണമെന്നാണ് മനസിലാക്കാൻ കഴിയുന്നത്. ഇന്നും അവിടെ ഏറ്റവും പ്രയാസമേറിയ ഒരു കാഴ്ച കാണുന്നത്, രണ്ടു മൂന്നുകൊല്ലങ്ങളായി പത്തുമുന്നൂറിച്ചിലാനം മസൂരിരോഗികൾ കിടന്ന അവരുടെ ചലവും മറ്റും പറ്റിയ അതേ പായിൽ തന്നെയാണ് പിന്നെയും രോഗികളെ കിടത്തുന്നതെന്നുള്ളതാണ്. തലയിണയും ഇതുപോലെ രണ്ടും മൂന്നും കൊല്ലം പഴക്കമുള്ളതാണ്. ഇങ്ങനെ വളരെ നിർഭാഗ്യകരമായ ഒരവസ്ഥയാണ് ആ മസൂരി ആശുപത്രിയിലുള്ളത്. ഈ കാര്യങ്ങളിൽ അടിയന്തിരമായി എന്തെങ്കിലും ചെയ്യുകയും ഇതിനു ഒരു ദൂരവീക്ഷണത്തോടുകൂടി പരിഹാരം കാണാൻ ചിലതു ചെയ്യുകയും ചെയ്യണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. അടിയന്തിരമായി ചെയ്യാനുള്ള ചില കാര്യങ്ങൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ ഒരു രോഗിക്ക് ആഹാരത്തിനു ഒന്നര നാഴി അരി, രണ്ടു പർപ്പടകം, ഒരു ഔൺസ് പയറ് എന്നിവ കൊടുക്കുന്നു എന്നു പറയുന്നു. അതു വളരെ അപര്യാപ്തമാണ്. മസൂരിരോഗികൾക്ക് കുളിച്ചു കഴിയുമ്പോൾ കൂടുതൽ വിശപ്പുണ്ടാകുമെന്നാണ് ഡാക്ടറന്മാർ അഭിപ്രായപ്പെടുന്നത്. അതുകൊണ്ട് മറ്റു രോഗികൾക്കു കാൺവാലസെന്റ് സ്റ്റേജിൽ കൊടുക്കുന്ന ഡയറ്റ് ഇവർക്കു കൊടുക്കുന്നതിനു ആവശ്യമായ ടെൻഡർ വിളിക്കുകയോ, അല്ലെങ്കിൽ അതിനാവശ്യമായ പണം കൊടുത്തു അവിടത്തെ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് ആ കാര്യം നിർവഹിപ്പിക്കുകയോ ചെയ്യണം. അടിയന്തിരമായി അവർക്കു കിടക്കാൻ മെത്തയും തലയിണയും കൊടുത്തില്ലെങ്കിലും പുതിയ പുൽപ്പായെങ്കിലും വാങ്ങിക്കൊടുക്കാൻ ദയവുണ്ടാകണം. അവർക്കു ധരിക്കാൻ വസ്ത്രം കൊടുക്കാനും ഉള്ളവസ്ത്രം അലക്കിക്കൊടുക്കാനും ഉള്ള ഏർപ്പാടു ചെയ്യണം. അവർക്കു കുളിക്കാൻ ഇന്നു വെള്ളമില്ല. തിരുവനന്തപുരം പട്ടണത്തിൽ പൊതുവെ വെള്ളത്തിന്റെ ക്ഷാമമുണ്ട്. എം. എൽ. എ, കവാർട്ടേഴ്സിലും വെള്ളമില്ല. ആ ആശുപത്രി കാംപൗണ്ടിൽ ഒരു കിണറ് ആഴത്തിൽ കുഴിച്ച് അവിടെ നിന്നും മോട്ടോർ വച്ച് ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അനിരുദ്ധൻ]

ടാംകെ കെട്ടി അതിൽ വെള്ളം നിറച്ചു കൊടുക്കണം. വെളിച്ചം കിട്ടുന്നതിനുള്ള ഏർപ്പാടും ചെയ്യണം. പാലും മുറ്റിയും കിട്ടുന്നതിനുള്ള സൗകര്യവുമുണ്ടാക്കണം. ഇപ്പോൾ ഒരു ഡാക്ടറേ അവിടെയുള്ളൂ. ആവശ്യമുള്ള ഡാക്ടറന്മാരേയും നഴ്സുകളേയും മറ്റും നിയമിക്കേണ്ടതാണു്. അതിനു് പ്രയാസമുണ്ടു്. ഇപ്പോൾതന്നെ ആ ആശുപത്രി മെഡിക്കൽകാളേജിന്റെ ചുമതലയിൽ കൊണ്ടുവരാൻ ശ്രമം നടത്തുന്നുണ്ടു്. അങ്ങനെ മെഡിക്കൽകാളേജിനോടു് അനുബന്ധിച്ച ആശുപത്രിയാക്കി ആവശ്യമുള്ള ഡാക്ടറന്മാരേയും മറ്റു സ്റ്റാഫിനേയും നിയമിക്കാനുള്ള ഏർപ്പാടുചെയ്യണം.

അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളും പറയുന്നതോടൊപ്പം സ്ഥായിയായിചെയ്യേണ്ട ചില കാര്യങ്ങളും പറയാനുണ്ടു്. അവിടെ പണി തുടങ്ങി പൂർത്തിയാകാറായിരിക്കുന്ന ഷെഡ്ഡുകളും കഴിയുന്നതും വേഗം പൂർത്തിയാക്കി പബ്ലിക് ഹെൽത്തു വകുപ്പു് ശുപാർശചെയ്യുന്നതരത്തിലുള്ള സാനിട്ടറി കണ്ടീഷൻസും മറ്റും ഉണ്ടാക്കണമെന്നു വിനീതമായി അപേക്ഷിക്കുന്നു. തിരുവനന്തപുരംപട്ടണത്തിലുള്ള ആളുകളുമാത്രമല്ല അവിടെ കിടക്കുന്നതു്. ഈ രാജ്യത്തിന്റെ പല ഭാഗത്തുനിന്നും വരുന്ന ആളുകളുണ്ടു് ഇത്തരം രോഗം പിടിപെട്ടാൽ, വീടുകളിൽ കിടക്കാനുള്ള അവകാശം കാർപ്പറേഷൻ നിഷേധിക്കും. എനിക്കോ മറ്റു മെംബറന്മാർക്കോ ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെയോ ഈ സുഖക്കേടു ബാധിച്ചാൽ കാർപ്പറേഷൻ വീട്ടിൽകിടക്കാൻ അനുവദിക്കുകയില്ല. അവിടെ ബലാൽകാരമായി പിടിച്ചുകൊണ്ടുപോയി കിടത്തും. അതുകൊണ്ടു് എല്ലാവരുടെയും കാര്യമാണെന്നു മനസ്സിലാക്കി ആരും സംസാരിക്കാനില്ലാത്ത ഈ രോഗികളുടെ പ്രശ്നം ഗൗരവമായി കണക്കിലെടുക്കണമെന്നാണു ഞാൻ പറയുന്നതു്. ബഹുമാനപ്പെട്ട മന്ത്രി വേണ്ടപ്പെട്ട അധികാരികളുമായി അന്വേഷണം നടത്തിയതിൽ വേണ്ടതൊക്കെ ചെയ്തിട്ടുണ്ടെന്നു കാണുന്നു എന്നതരത്തിലുള്ള മറുപടി പറയാതെ ഈ പ്രശ്നത്തെ മനുഷ്യത്വപരമായി സമീപിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) : കാര്യങ്ങളും പറഞ്ഞതിനോടപ്പം മറുപടിയും ബഹുമാനപ്പെട്ട മെംബർ പറഞ്ഞുകഴിഞ്ഞു. പബ്ലിക്ഹെൽത്തു ഡിപ്പാർട്ടുമെന്റു് ഈ ആശുപത്രിയിലെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല, അവഗണിച്ചിരിക്കുകയാണു് എന്നു പറയുന്നതൊന്നും ശരിയല്ല. ഇക്കഴിഞ്ഞ ബുധനാഴ്ച ഈ ബുദ്ധിമുട്ടുകളെപ്പറ്റി എന്നെ അറിയിക്കുകയുണ്ടായി. അതനുസരിച്ചു് തിരുവനന്തപുരം ഡി. എം. ഓ. യും, എ. ഡി. എം. ഓ. യും ഡിസ്പെൻസറികളുടെ ചാർജുള്ള ഡോക്ടറന്മാരും ഈ ആശുപത്രിയിൽപോയി ഈ പറയുന്നപരാതികളെപ്പറ്റി അന്വേഷിക്കണമെന്നു് ഏർപ്പാടുചെയ്തു. അതനുസരിച്ചു് അന്നുതന്നെ അവർ അവിടെ പോയി അന്വേഷിക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെയുള്ള അന്വേഷണങ്ങളിൽനിന്നു് ഈ പറയുന്ന പല കാര്യങ്ങളും അതിശയോക്തി പരമാണെന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ഇന്നു് അവർക്കു് ഫുൾ ഡയറ്റു് കൊടുക്കുന്നുണ്ടു്. എല്ലാ ആശുപത്രികളിലും ഒരു രോഗിക്കു് 16 ഔൺസു് ആണു് അനുവദിച്ചിട്ടുള്ളതു്. രാവിലെ കഞ്ഞി, ഉച്ചയ്ക്കു് ചോറു്, വൈകുന്നേരം കഞ്ഞി എന്നിങ്ങനെ ബാക്കിയുള്ള ആശുപത്രികളിൽ കൊടുക്കുന്ന ഫുൾ ഡയറ്റാണു് ഇവിടേയും കൊടുക്കുന്നതു്. പിന്നെ ഇങ്ങനെ പരാതി പറയുവാനുള്ള കാരണം എന്താണെന്നു് അവരോടു ചോദിച്ചപ്പോൾ കൂടുതൽ വിശപ്പുള്ളതുകൊണ്ടു് കൂടുതൽ ആഹാരം തരണമെന്നാണു പറഞ്ഞതു്. അതുപോലെ തന്നെ ഏതെങ്കിലും ഡാക്ടർ ഇന്ന രോഗിക്കു് അഡീഷനലായി സ്പെഷ്യൽ ഡയറ്റു കൊടുക്കണമെന്നു സർട്ടിഫൈ ചെയ്യാൽ, അതു കൊടുക്കാനുള്ള വ്യവസ്ഥയുണ്ടു്. ഏതെങ്കിലും പ്രത്യേക രോഗിയുടെ കണ്ടീഷൻ വച്ചു് പ്രത്യേക ആഹാരമോ, മരുന്നോ അല്ലെങ്കിൽ മറ്റെന്തെങ്കിലും സൗകര്യമൊ ചെയ്യണമെന്നുവന്നാൽ അതനുസരിച്ചു ചെയ്യാനുള്ള വ്യവസ്ഥ ഇന്നുണ്ടു്. അവിടെ ഇന്നു് ഒരു ഡാക്ടറെ ഉള്ളൂ എന്നു പറഞ്ഞതു് ശരിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണഗതിയിൽ അവിടെ അതു മതി. ഒരു പത്തുപന്ത്രണ്ടിൽകൂടുതൽ സ്ട്രെങ്ത് അവിടെ കാണുകയില്ല. എന്നാൽ മിനഞ്ഞാന്നാണ് സ്ട്രെങ്ത് 120 ആയത്. എല്ലാം ചിക്കൻപോക്സ് രോഗികളാണ്. സാധാരണഗതിയിൽ ഇത്രയും രോഗികൾ അവിടെ കാണുകയില്ല. ഇപ്പോൾ അസാധാരണമായി രോഗികളുടെ എണ്ണം വർദ്ധിച്ചു എന്നേയുള്ളൂ. അവരിൽ മിക്കവാറും പേർ കുളിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവർ ഏതാണ്ട് ഒരാഴ്ചകം കുളിക്കത്തക്കനിലയിലുമാണ്. ഇനി കൂടുതൽ രോഗികൾ വരുന്ന ലക്ഷണവും കാണുന്നില്ല. അതുകൊണ്ട് കൂടുതൽ സ്റ്റാഫ് നെ നിയമിക്കേണ്ടയാവശ്യം ഇപ്പോൾ കാണുന്നില്ല. ഏതായാലും രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചാൽ സ്റ്റാഫും വർദ്ധിപ്പിക്കണമെന്ന തോന്നിയാൽ ടെംപററിയായി അങ്ങനെയുള്ള ആശുപത്രികളിൽ സ്റ്റാഫിനെ വയ്ക്കാനുള്ള വ്യവസ്ഥയുണ്ട്. അതിനുള്ള സാധനം സപ്ലൈചെയ്യാൻ കൺട്രാക്ടറെ കിട്ടുന്നില്ലെന്നു പറഞ്ഞു. സാധാരണയായി പത്തുപന്ത്രണ്ടു രോഗികളെ കാണുകയുള്ളൂ. അവക്കുവേണ്ട സാധനമെ സപ്ലൈചെയ്യാനുള്ളൂ. അതുകൊണ്ട് തുടർച്ചയായി രണ്ടുമൂന്നു വർഷമായി ടെൻഡർ വിളിച്ചിട്ട് ആരും വന്നില്ല. അതുകൊണ്ട് ലോക്കൽപർച്ചേസിനാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. അതനുസരിച്ച് ഇപ്പോൾ ചെയ്യുകയാണ്. അതിനപ്പുറത്ത് എന്തെങ്കിലും കുറവു വരുന്നെങ്കിൽ അതു പരിശോധിക്കാൻ ഡി. എം. ഓ. യ്ക്കു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവിടെയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നുള്ള ലോക്കൽ സ്ഥാനത്തിൽ ഈ അടുത്തകാലത്തുതന്നെ 3 ഷെഡ്ഡുകളും കുറെ പൗണ്ടുവാളും പണിതുകൊണ്ടിരിക്കുകയാണ്. മിക്കവാറും അതിന്റെ പണി പൂർത്തിയായിട്ടുണ്ട്. അധികം താമസിയാതെ തന്നെ അവിടെ രോഗികളെ കിടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് ഈ ആശുപത്രിയിൽ എന്തെങ്കിലും പ്രത്യേകം ന്യൂനതയുണ്ടെന്നു പറയുന്നതു ശരിയല്ല. ഇപ്പോൾ കൂടുതൽ ആഹാരം കൊടുക്കണമെന്നുള്ളകാര്യമാണ് വന്നിട്ടുള്ളത്. പാൽ കൊടുക്കുന്നില്ലെന്നു പറയുന്നതു ശരിയല്ല. കൊടുക്കുന്നുണ്ട്. മറ്റാശുപത്രികളിൽ പ്രവേശിക്കുന്നവർക്ക് ആവശ്യമുണ്ടെങ്കിൽ പുറത്തുപോയി ആഹാരം കഴിക്കാൻ കഴിയുമെന്നും, അവിടെയുള്ള രോഗികൾക്ക് അങ്ങനെ പുറത്തുപോയി കഴിക്കാൻ സാധിക്കുകയില്ലെന്നും വിശ്വസിച്ചു കൂടുതലുള്ളതുകൊണ്ട് കൂടുതൽ ആഹാരം കൊടുക്കണമെന്നുമാണ് പറയുന്നത്. നിയമത്തിനു് അകത്തുനിന്നു് ഇക്കാര്യത്തിൽ എന്തെങ്കിലും സൗകര്യം ചെയ്തുകൊടുക്കാൻ സാധിക്കുന്നതു് ചെയ്തുകൊടുക്കണമെന്നു നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇവിടെ നിരത്തിവച്ചതുപോലെയുള്ള വലിയ കുറവുകളൊന്നും അവിടെയില്ല. പക്ഷേ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അതു പരിശോധിച്ചു നികത്തുന്നതിനും പരമാവധി സൗകര്യം ചെയ്തുകൊടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. അനിരുദ്ധൻ: ഒരു കാര്യം പറയുവാനുണ്ട്.

Mr. Speaker: Order, order. There is no need for a discussion on this matter.

I have received another notice under Rule 61 from Shri. P. Gopalan, regarding the suspected murder of one Kunhikannan of Karivannoor panchayat and the popular discontent against the action taken by the police. I pass it on to the Government for taking necessary action.

Statement under Rule 282.

Under Rule 282 I have received a notice from Shri. P. Gopalan to bring to the notice of the Assembly an important matter. I call upon the hon. Member to bring the matter to the notice of the House.

ശ്രീ. പി. ഗോപാലൻ: ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി മേശപ്പുറത്തുവച്ച ഉത്തരത്തിൽ, വന്നുപോയ ഒരു പിശക് തിരുത്താനാണ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly